# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് മുപ്പത്തൊമ്പത്

### രാജ്യത്തിന്റെ മർമ്മങ്ങളുടെ അനാവരണം

### (5)

ബൈബിളിൽ ഏഴ് എന്ന സംഖ്യ ആറും ഒന്നും ചേരുന്നതോ, മൂന്നും നാലും ചേരുന്നതോ, നാലും മൂന്നും ചേരുന്നതോ ആണ്. വെളിപ്പാട് 2-ലും 3-ലുമുള്ള ഏഴു സഭകൾ മൂന്നും നാലും കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. എന്നാൽ മത്തായി 13-ലെ ഏഴ് ഉപമകൾ നാലും മൂന്നും കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. ആദ്യത്തെ നാല് ഉപമകൾ തുറസ്സായ സ്ഥലത്ത് പടകിൽവച്ച് നല്കപ്പെട്ടതായിരുന്നു. ഇവ വിതയ്ക്കുന്നവന്റെയും കളകളുടെയും കടുകുമണിയുടെയും പുളിപ്പിന്റെയും ഉപമകളാണ്. അവസാനത്തെ മൂന്നെണ്ണം വീട്ടിൽവച്ച് ശിഷ്യന്മാർക്ക് സ്വകാര്യമായി നൽകിയതായിരുന്നു. രാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തെ സംബന്ധിച്ച് മുമ്പു പറഞ്ഞ മൂന്ന് ഉപമകൾ സ്വർഗീയ രാജാവ് പടകിൽവച്ച് പരസ്യമായി പുരുഷാരത്തോട് സംസാരിച്ചതായിരുന്നു (വാ. 2, 34); എന്നാൽ ഇവയെ തുടർന്നുള്ള മൂന്ന് ഉപമകൾ ശിഷ്യന്മാർക്ക് വീട്ടിൽവച്ച് സ്വകാര്യമായി നൽകിയതായിരുന്നു (വാ. 36). ഈ മൂന്ന് ഉപമകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ കൂടുതൽ മറഞ്ഞിരിക്കുന്നവയാണെന്ന് ഇതു സൂചിപ്പിക്കുന്നു.

ആദ്യത്തെ നാല് ഉപമകളിൽ ഓരോന്നിലും ഭക്ഷിക്കുന്നതിനോടു ബന്ധപ്പെട്ട ചിലതുണ്ടായിരുന്നു. ഇതിലൂടെ നാം കാണുന്നത് ആദ്യത്തെ നാല് ഉപമകൾ ഭക്ഷിക്കുന്ന വിഷയത്തെ പരാമർശിക്കുന്നു എന്നാണ്. തന്റെ രാജ്യത്തിന്റെ ഘടകങ്ങളായിരിക്കുവാൻ ഒരു ജനം ഉണ്ടായിരിക്കണമെന്നും, ഈ ജനം ദൈവത്തെയും മനുഷ്യനെയും തൃപ്തിപ്പെടുത്തുവാൻ കൊള്ളാവുന്ന ആഹാരംപോലെ ആയിരിക്കണമെന്നുമാണ് ദൈവത്തിന്റെ ആഗ്രഹം. എന്നാൽ ഗോതമ്പിന്റെ വളർച്ചയെ തടസ്സപ്പെടുത്തുവാനും അതിനെ നശിപ്പിക്കുവാനും ഗോതമ്പിന്റെ ഇടയിൽ കളകൾ നടുവാൻ ശത്രു കടന്നുവന്നു. എന്നിരുന്നാലും, ഗോതമ്പിൽ ചിലത് വളരുകയും പെരുകുകയും ചെയ്തു. അങ്ങനെ, നാലാമത്തെ

ഉപമയിൽ നമുക്ക് ഭോജനമുണ്ട്. ഭോജനത്തിൽ അടങ്ങിയിരിക്കുന്ന നേരിയ മാവ് ഗോതമ്പിൽനിന്നും വരുന്നു. കർത്താവായ യേശു ഗോതമ്പുമണികൾ വിതെച്ചതിനുള്ള കാരണം നേരിയ മാവുണ്ടായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നതാണ്. ദൈവത്തിന്റെ ശത്രുവായ സാത്താൻ ഗോതമ്പിന്റെ വളർച്ചയെ തടസ്സപ്പെടുത്തുവാൻ അതിനിടയിൽ കളകൾ വിതെച്ചുവെങ്കിലും ദൈവത്തെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല. മണികൾ ഉല്പാദിപ്പിക്കുവാൻ ചില ഗോതമ്പുകൾ വളരുകയും, അപ്പം ഉണ്ടാക്കുവാൻ മണികൾ നേരിയ മാവായി പൊടിക്കപ്പെടുകയും ചെയ്തു. ഇതു സംഭവിച്ചുകൊണ്ടിരുന്നപ്പോൾ, ആഹാരത്തിനുള്ള ഉറവിടമായിരിക്കേണ്ട കടുകു ചെടിയെ സാത്താൻ ഒരു വലിയ വൃക്ഷമായി അസാധാരണമാംവണ്ണം വളരുവാനും, അതിലൂടെ ആഹാരം ഉല്പാദിപ്പിക്കുകയെന്ന അതിന്റെ പ്രവർത്തനം നഷ്ടപ്പെടുവാനും ഇടയാക്കി. പകരം, അത് ഒരു ദുഷിച്ച വാസസ്ഥല മായിത്തീർന്നു. ഇതാണ് ഇന്നത്തെ ക്രൈസ്തവലോകത്തിന്റെ ഒരു ചിത്രം. വിവിധ ക്രിസ്തീയ സംഘടനകളിൽ നാം വലിയ കെട്ടിടങ്ങളും ഓഫീസുകളും സങ്കീർണമായ അധികാരശ്രേണികളും കാണുന്നു. വലിയ വൃക്ഷത്തിന്റെ ശാഖകൾ നാം കാണുന്നുവെങ്കിലും, നേരിയ മാവിന്റേതോ കടുകു ചെടിയുടേതോ ആയ യാതൊന്നും നാം കാണുന്നില്ല. നാലാമത്തെ ഉപമയനുസരിച്ച്, സാത്താൻ നേരിയ മാവിലേക്ക് പുളിപ്പു ചേർക്കുക എന്ന പിന്നെയുമുള്ള ഒരു പടി എടുത്തു. ഇവിടെ നാം സാത്താന്റെ കൗശലം കാണുന്നു. ഒന്നാമത്, ഗോതമ്പിന്റെ വളർച്ചയെ തടസ്സപ്പെടുത്തുവാൻ ഗോതമ്പിനിടയിൽ അവൻ കളകൾ വിതെച്ചു; രണ്ടാമത്, അവൻ കടുകു ചെടിയെ അസാധാരണമാംവണ്ണം വളരുമാറാക്കി അതിന്റെ പ്രവർത്തനത്തെ നഷ്ടപ്പെടുത്തുവാൻ ഇടയാക്കി; മൂന്നാമത്, ദൈവത്തെയും മനുഷ്യനെയും തൃപ്തിപ്പെടുത്തുന്ന അപ്പത്തിനു വേണ്ടിയുള്ള നേരിയ മാവുണ്ടാക്കുവാൻപോന്ന കുറെ ഗോതമ്പ് ഉല്പാദിപ്പിക്കപ്പെട്ടതായി കണ്ടിട്ട് സാത്താൻ മാവിലേക്ക് പുളിപ്പു ചേർത്തു.

ആദ്യത്തെ നാല് ഉപമകളും കൃഷിയോടു ബന്ധപ്പെട്ടിരി ക്കുന്നു. 1 കൊരിന്ത്യർ 3:9-ൽ പൗലൊസ് പറയുന്നു, "നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം." ഈ അധ്യായത്തിൽ ദൈവത്തിന്റെ കൃഷിയിടം ആത്യന്തികമായി പൊന്നും, വെള്ളിയും, വിലയേറിയ കല്ലുകളും ഉളവാക്കുന്നുവെന്ന് നാം കാണുന്നു. ദൈവത്തിന്റെ കൃഷിയിടത്തിന്റെ ഉല്പന്നം ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുള്ള സാമഗ്രികളായ പൊന്നും, വെള്ളിയും, വിലയേറിയ കല്ലുകളും ആയിത്തീരുന്നു എന്നത് എത്ര മാർമികമാണ്! ദൈവത്തിന്റെ കൃഷിയിടം ജീവന്റെ വസ്തുക്കൾ ഉളവാക്കുകയും, ഈ ജീവവസ്തുക്കൾ ദൈവത്തിന്റെ

കെട്ടിടത്തിനു വേണ്ടിയുള്ള സാമഗ്രികളായിത്തീരുകയും ചെയ്യുന്നു. അങ്ങനെ, ദൈവത്തിന്റെ കൃഷിയിടം ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്.

മത്തായിയിലെ ആദ്യത്തെ നാല് ഉപമകളിൽ ജീവൻ വളരുന്നതും, അടുത്ത ഉപമയിൽ വയലിൽ മറച്ചുവച്ച നിധിയും നമുക്കുണ്ട്. നിധി പൊന്നും, വെള്ളിയും, വിലയേറിയ കല്ലുകളും, ഒരുപക്ഷേ മുഖ്യമായും വിലയേറിയ കല്ലുകളും, കൊണ്ടുള്ളതായിരിക്കണം. തുടർന്നുള്ള ഉപമയിൽ നാം മുത്തിനെ കാണുന്നു. പുതിയ യെരൂശലേം പൊന്നും, വിലയേറിയ കല്ലുകളും, മുത്തുംകൊണ്ട് നിർമ്മിച്ചിരിക്കുന്നു. നഗരത്തിന്റെ സാമഗ്രി പൊന്നാണ്; വിലയേറിയ കല്ലുകളും, മുത്തും ദൈവനഗരത്തിനു വേണ്ടിയുള്ള മറ്റു രണ്ട് നിർമ്മാണ വസ്തുക്കളാണ്. ആദ്യത്തെ നാല് ഉപമകളിൽ ക്രിസ്തുവിനെ രാജ്യമായി വളർത്തുന്ന ജീവനെ കർത്താവു വെളിപ്പെടുത്തി. അടുത്ത രണ്ട് ഉപമകളിൽ കെട്ടിടത്തിനു വേണ്ടിയുള്ള രൂപാന്തരത്തിന്റെ വിഷയത്തെ അവൻ വെളിപ്പെടുത്തി. ഇത് നമ്മെ ബൈബിളിന്റെ അടിസ്ഥാന തത്ത്വമായ ജീവനിലേക്കും കെട്ടുപണിയിലേക്കും മടക്കിക്കൊണ്ടുവരുന്നു. മത്തായി 13-ലെ ഉപമകൾ ജീവനും കെട്ടുപണിയും എന്ന വിഷയത്തെ വെളിപ്പെടുത്തുന്നു. ജീവൻ നമ്മുടെ മനുഷ്യത്വത്തിലേക്ക് വിതയ്ക്കപ്പെട്ട വിത്തായ ക്രിസ്തു തന്നെയാണ്. ഈ ജീവൻ രാജ്യമായി ക്രിസ്തുവിനെ വളർത്തിക്കൊണ്ട് നമ്മുടെ ഉള്ളിൽ വളരുന്നു. ഈ ജീവന്റെ വളർച്ച ആത്യന്തികമായി വിലയേറിയ കല്ലുകളെയും മുത്തുകളെയും ഉളവാക്കുന്നു.

മത്തായി 13-ൽ വളരെയധികം സമയം ചിലവഴിച്ചതിനുശേഷം, അതിന്റെ അടിസ്ഥാന ചിന്ത 1 കൊരിന്ത്യർ 3-ലേതു പോലെയാണെന്ന് ഞാൻ കണ്ടെത്തി. രണ്ട് അധ്യായങ്ങളിലും നമുക്ക് ദൈവത്തിന്റെ കൃഷിയിടവും ദൈവത്തിന്റെ കെട്ടിടവും ഉണ്ട്. ആദ്യത്തെ നാല് ഉപമകൾ ക്രിസ്തുവിനെ രാജ്യമായി വളർത്തുന്നതിനു വേണ്ടിയുള്ള ദൈവത്തിന്റെ കൃഷിയിടത്തോട് ബന്ധപ്പെട്ടിരിക്കുന്നു. തുടർന്നുള്ള രണ്ട് ഉപമകൾ ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുള്ള വിലയേറിയ സാമഗ്രികൾ ഉളവാക്കുന്നതിനുള്ള രൂപാന്തരത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഈ വിഷയം നമ്മിൽ മതിപ്പുളവാക്കിയിട്ടില്ലെങ്കിൽ, അഞ്ചും ആറും ഉപമകൾ മനസ്സിലാക്കുവാൻ നാം പ്രാപ്തരായിരിക്കുകയില്ല.

മത്തായി 13-നെ ആസ്പദമാക്കിയുള്ള നിരവധി പുസ്തകങ്ങൾ ഞങ്ങൾ നോക്കിയിരുന്നു, എന്നാൽ അവയൊന്നും ഈ അധ്യായത്തിന്റെ ആഴത്തെ സ്പർശിക്കുന്നില്ല. ആ പുസ്തകങ്ങളിൽ നല്കപ്പെട്ടിരിക്കുന്ന വ്യാഖ്യാനങ്ങളൊന്നും ഞങ്ങളെ തൃപ്തിപ്പെടുത്തിയില്ല. 6:33-ൽ ആദ്യം ദൈവത്തിന്റെ രാജ്യത്തെയും അവന്റെ നീതിയെയും അന്വേഷിക്കണമെന്ന് നമ്മോടു

പറഞ്ഞിരിക്കുന്നതുകൊണ്ട്, വയലിൽ മറഞ്ഞിരുന്ന നിധി രാജ്യമാണെന്നും മുത്ത് നീതിയാണെന്നും D.M.പാന്റൺ പോലും പറയുന്നു. ബ്രദറൻകാരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന ഉപദേശം ഈ അധ്യായത്തിന്റെ ആഴങ്ങളിലേക്ക് കടന്നില്ല. വയലിൽ മറച്ചുവച്ച നിധി രാജ്യത്തെ പരാമർശിക്കുന്നുവെന്ന് D.M.പാന്റൺ കണ്ടുവെങ്കിലും, മുത്തിനെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തത ഉണ്ടായിരുന്നില്ല. ഈ ദൂതിൽ നിശ്ചിതമായ ഒരു രീതിയിൽ ഈ രണ്ട് ഉപമകൾ നാം പരിഗണിക്കേണ്ടതാവശ്യമാണ്.

## V. രാജ്യം ദൈവ-സൃഷ്ടിതമായ ലോകത്തിൽ മറഞ്ഞിരിക്കുന്നു

വാക്യം 44 പറയുന്നു, "സ്വർഗരാജ്യം വയലിൽ മറഞ്ഞിരുന്ന നിധിയോട് സദൃശം. അതിനെ ഒരു മനുഷ്യൻ കണ്ടെത്തിയിട്ട് മറച്ചുവച്ച്, തന്റെ സന്തോഷത്തിൽ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുന്നു." വയലിൽ മറഞ്ഞിരുന്ന നിധിയിൽ, സഭയുടെയും പുതിയ യെരൂശലേമിന്റെയും കെട്ടുപണിക്കു വേണ്ടിയുള്ള പൊന്നോ വിലയേറിയ കല്ലുകളോ ഉണ്ടായിരുന്നിരിക്കണം (1 കൊരി. 3:12; വെളി. 21:18-20). ഇന്ന് സഭ പ്രായോഗിക രാജ്യമായതുകൊണ്ടും, വരുന്ന യുഗത്തിൽ പുതിയ യെരൂശലേം പ്രത്യക്ഷത്തിലുള്ള രാജ്യമായിരിക്കും എന്നുള്ളതുകൊണ്ടും, വയലിൽ മറഞ്ഞിരുന്ന നിധി ദൈവം സൃഷ്ടിച്ച ലോകത്തിൽ മറഞ്ഞിരിക്കുന്ന രാജ്യത്തെ സൂചിപ്പിക്കുന്നു.

### A. സ്വർഗരാജ്യം വയലിൽ മറഞ്ഞിരുന്ന നിധിയോട് സദൃശമാകുന്നു

വാക്യം 44-ലെ വയൽ ഭൂമിയാണ്, അത് തന്റെ രാജ്യത്തിനുവേണ്ടി ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ലോകത്തെ സൂചിപ്പിക്കുന്നു (ഉല്പ. 1:26-28). ബൈബിളിൽ ഭൂമി ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ലോകത്തെ സൂചിപ്പിക്കുകയും, സമുദ്രം സാത്താനാൽ ദുഷിപ്പിക്കപ്പെട്ട ലോകത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. യിസ്രായേൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതും, ദൈവത്താൽ വേർതിരിക്കപ്പെട്ടതും, ദൈവത്താൽ ഒരു പ്രത്യേക സാഹചര്യത്തിൽ വയ്ക്കപ്പെട്ടതും ആയതുകൊണ്ട്, ഭൂമി യിസ്രായേലിനെയും, അഥവാ യെഹൂദ രാഷ്ട്രത്തെയും സൂചിപ്പിക്കുന്നു. തന്മൂലം, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഭൂമിയെന്ന നിലയിൽ യെഹൂദജനം ദൈവമുമ്പാകെ നിൽക്കുന്നു. ഇതേ തത്ത്വത്തെ ആധാരമാക്കി, സമുദ്രം ജാതീയ ലോകത്തെയും സൂചിപ്പിക്കുന്നു, കാരണം ജാതികൾ സാത്താനാൽ ദുഷിപ്പിക്കപ്പെട്ട ജനമാണ്. അതുകൊണ്ട്, ബൈബിളിൽ ഭൂമിയും സമുദ്രവും ഈ രണ്ടു കാര്യങ്ങൾക്കുവേണ്ടി നിൽക്കുന്നു.

മത്തായി 13-ലെ ആദ്യത്തെ നാല് ഉപമകൾ ക്രിസ്തുമതമെന്നു വിളിക്കപ്പെടുന്നതിന്റെ വ്യക്തമായ ഒരു ചിത്രം നൽകുന്നു. ഈ ഉപമകൾ നൽകിയതിനുശേഷം, വയലിൽ മറഞ്ഞിരുന്ന നിധിയുടെയും സമുദ്രത്തിൽനിന്നുള്ള മുത്തിന്റെയും ഉപമകൾ കർത്താവ് സ്വകാര്യമായി ശിഷ്യന്മാരോടു പറഞ്ഞു. ബൈബിളിൽ ഭൂമിയുടെ സൂചിതാർഥം നാം മനസ്സിലാക്കുന്നുവെങ്കിൽ, വയലിൽ മറഞ്ഞിരുന്ന നിധി രാജ്യമായിരിക്കണമെന്നും, സമുദ്രത്തിൽനിന്നും ഉളവാക്കപ്പെട്ട മുത്ത് സഭയായിരിക്കണമെന്നും നാം അറിയും. രാജ്യം സത്യമായും കർത്താവിന് ഒരു നിധിയാണ്! അവന്റെ കാഴ്ചയിൽ അത് എത്ര വിലയേറിയതാണ്! സഭ അവന് അമൂല്യമായ ഒരു മുത്തും ആണ്. കർത്താവ് തുടർച്ചയായി രണ്ടു കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു—നിധിയായ രാജ്യവും, മുത്തായ സഭയും. കറ, ചുളുക്കം, മുതലായ യാതൊന്നുമില്ലാതെ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തുമെന്ന് എഫെസ്യർ 5:27 പറയുന്നു. ഇതാണ് ജാതീയ ലോകത്തിൽനിന്നും ഉളവാക്കപ്പെട്ട മനോഹരമായ ഒരു മുത്തായ സഭ.

ദൈവം ഭൂമിയെ സൃഷ്ടിച്ചുവെന്നും, മൃഗങ്ങളുടെയും പറവകളുടെയും മത്സ്യങ്ങളുടെയുംമേൽ ദൈവത്തിന്റെ ആധിപത്യം പ്രയോഗിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടെ തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചുവെന്നും ഉല്പത്തി ഒന്നാം അധ്യായം പറയുന്നു. ഇതാണ് ഭൂമിയിലെ രാജ്യം. എങ്കിലും, മനുഷ്യൻ പരാജയപ്പെട്ടു. എന്നാൽ സങ്കീർത്തനം 8 ഒരു പ്രവചനത്തോടുകൂടെ പിന്തുടരുന്നു. ഈ സങ്കീർത്തനത്തിന്റെ വാക്യം 1 പറയുന്നു, "ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു!" ഭൂമി ദൈവത്തിന്റെ ആധിപത്യമായിരിക്കുമ്പോൾ, അവന്റെ നാമം വിശുദ്ധീകരിക്കപ്പെടുകയും, ഭൂമിയിൽ ശ്രേഷ്ഠമാക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യനെക്കുറിച്ച് സംസാരിച്ചുകൊണ്ട് സങ്കീർത്തനം 8:6 പറയുന്നു, "നിന്റെ കൈകളുടെ പ്രവൃത്തികൾക്ക് നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽക്കീഴെയാക്കിയിരിക്കുന്നു." ഭൂമിയിലെ മൃഗങ്ങളുടെയും, ആകാശത്തിലെ പക്ഷികളുടെയും, സമുദ്രത്തിലെ മത്സ്യങ്ങളുടെയുംമേൽ മനുഷ്യന് ആധിപത്യമുണ്ടെന്ന് തുടർന്നുള്ള വാക്യങ്ങൾ വെളിപ്പെടുത്തുന്നു. സങ്കീർത്തനം 8-ൽ വർണിച്ചിരിക്കുന്ന മനുഷ്യൻ ക്രിസ്തു ആണെന്ന് എബ്രായർ 2 വെളിപ്പെടുത്തുന്നു. ക്രിസ്തു ആണ് ദൈവത്തിന്റെ ആധിപത്യത്തെ ഭൂമിയിലേക്ക് കൊണ്ടുവരുന്നവനും, ഭൂമിയിൽ ദൈവത്തിന്റെ നാമത്തെ ശ്രേഷ്ഠമാക്കുന്നവനും. അപ്പോൾ ഈ മനുഷ്യൻ ക്രിസ്തുവിന്റെ ശരീരമാണ്. ഇതാണ് രാജ്യം എന്ന ഭൂമിയിലെ നിധി.

ഭൂമി വിവിധ രൂപങ്ങളിലുള്ള ലൗകിക ശക്തികൾക്ക് കീഴിലായിരിക്കുമെന്നും, എന്നാൽ ഈ ലൗകിക ശക്തികളെ

തകർക്കുവാൻ ക്രിസ്തു സ്വർഗത്തിൽനിന്നും വരുന്ന കല്ലായിരിക്കുമെന്നും ദാനീയേൽ 2 ചൂണ്ടിക്കാണിക്കുന്നു (ദാനീ. 2:34-35, 44-45). ഒടുവിൽ ഈ കല്ല് സർവ ഭൂമിയെയും നിറയ്ക്കുന്ന ഒരു മഹാപർവതമായിത്തീരും. കല്ല് ക്രിസ്തുവും, മഹാപർവതം ഭൂമിയിലുള്ള സാർവത്രിക രാജ്യമായിരിക്കുവാൻ വികാസംപ്രാപിച്ച ക്രിസ്തുവും ആണ്. ഇതെല്ലാം ഭൂമിയിലെ നിധിയോടു ബന്ധപ്പെട്ടിരിക്കുന്നു. വെളിപ്പാട് 11:15 പറയുന്നു, "ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും." ഇത് സഹസ്രാബ്ദത്തിന്റെ സമയത്ത് സംഭവിക്കും, അപ്പോൾ സർവഭൂമിയും ക്രിസ്തുവിന്റെ രാജ്യമായിരിക്കും. തീർച്ചയായും ഇതാണ് വയലിൽ മറഞ്ഞിരിക്കുന്ന നിധി.

സ്വർഗരാജ്യം വയലിൽ മറഞ്ഞിരിക്കുന്ന ഒരു നിധിക്ക് സദൃശമാണെന്ന് വാക്യം 44 പറയുന്നു: അത് "ഒരു മനുഷ്യൻ കണ്ടെത്തിയിട്ട് മറച്ചുവച്ച്, തന്റെ സന്തോഷത്തിൽ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുന്നു." ഇവിടെ മനുഷ്യൻ ക്രിസ്തു ആണ്; അവൻ 4:12—12:23-ൽ സ്വർഗരാജ്യത്തെ കണ്ടെത്തുകയും, 12:24—13:43-ൽ അത് മറച്ചുവയ്ക്കുകയും, അവന്റെ സന്തോഷത്തിൽ 16:21; 17:22-23; 20:18-19; 26:1—27:52 എന്നീ വേദഭാഗങ്ങളിലെ ക്രൂശിലേക്കു പോകുകയും, രാജ്യത്തിനായി—സൃഷ്ടിക്കപ്പെട്ടതും നഷ്ടപ്പെട്ടതുമായ ഭൂമിയെ വീണ്ടെടുക്കേണ്ടതിന്—തനിക്കുള്ളതൊക്കെയും വിറ്റ് ആ വയൽ വാങ്ങുകയും ചെയ്തു. "മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നു പ്രഖ്യാപിച്ചുകൊണ്ട് ശുശ്രൂഷിക്കുവാൻ വന്നപ്പോൾ ക്രിസ്തു ആദ്യം നിധി കണ്ടെത്തി. കർത്താവിനെ യെഹൂദന്മാർ തിരസ്കരിച്ചത് അതിന്റെ ഉച്ചസ്ഥിതിയിൽ എത്തിയപ്പോൾ അവൻ അവരെ ഉപേക്ഷിച്ചു. ആ സമയം മുതൽ അങ്ങോട്ട് അവൻ നിധിയെ മറച്ചുവച്ചു. അതിനുശേഷം നിധിയെ മാത്രമല്ല, വയലിനെയും വാങ്ങുവാനും, അതിലൂടെ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഭൂമിയെ വീണ്ടെടുക്കുവാനുമായി അവൻ ക്രൂശിലേക്കു പോയി.

ഭൂമിയ്ക്കുള്ളിൽ നിധി എന്ന രാജ്യം ഉണ്ടായിരുന്നതുകൊണ്ട് ദൈവം സൃഷ്ടിച്ച ഭൂമിയെ വീണ്ടെടുക്കുവാൻ ക്രിസ്തു ക്രൂശിലേക്കു പോയി. രാജ്യത്തിനുവേണ്ടി, ഈ നിധിക്കുവേണ്ടി, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഭൂമിയെ ക്രിസ്തു വീണ്ടെടുത്തു. ഭൂമിയിൽ അവന് രാജ്യം ഉണ്ടായിരിക്കേണ്ടതിന് അവൻ ഭൂമിയെ വീണ്ടെടുക്കണം: കാരണം അത് സാത്താന്റെ വീഴ്ചയാലും മനുഷ്യന്റെ പാപത്താലും മലിനമാക്കപ്പെടുകയും, നശിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. തനിക്കുള്ളതൊക്കെയും കർത്താവ് വിൽക്കുകയും ഭൂമിയെ വാങ്ങുകയും ചെയ്തു: അതായത്, രാജ്യം എന്ന നിധിക്കുവേണ്ടി

ഭൂമിയെ വീണ്ടെടുക്കുന്നതിന് അവനുണ്ടായിരുന്ന സകലത്തെയും അവൻ ക്രൂശിൽ യാഗമർപ്പിച്ചു. ഈ രാജ്യം സഭാജീവിതത്തിൽ സാക്ഷാൽക്കരിക്കപ്പെടുന്നു എന്നതിന് സംശയമില്ല. എന്നാൽ അതിന്റെ പ്രത്യക്ഷത വീണ്ടെടുക്കപ്പെട്ട യിസ്രായേൽ രാഷ്ട്രത്തോടു ബന്ധപ്പെട്ടിരിക്കുന്നു. സഹസ്രാബ്ദത്തിൽ ഭൂമി ക്രിസ്തുവിന്റെ രാജ്യമായിത്തീരും. ആ സമയത്ത്, യിസ്രായേൽരാഷ്ട്രം ക്രിസ്തുവിന്റെ രാജ്യത്തിന്റെ കേന്ദ്രമായിരിക്കും. തന്മൂലം, രാജ്യം മുഖ്യമായി യിസ്രായേൽ രാഷ്ട്രത്തോട് ബന്ധപ്പെട്ടും, യിസ്രായേലുമായി മുഴുകിയും ഇരിക്കുന്നു.

## VI. സാത്താൻ ദുഷിപ്പിച്ച ലോകത്തിൽനിന്ന് സഭ ഉളവാക്കപ്പെടുന്നു

### A. സ്വർഗരാജ്യം നല്ല മുത്തുകൾ അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശമാകുന്നു

45-ഉം 46-ഉം വാക്യങ്ങൾ പറയുന്നു, "വീണ്ടും, സ്വർഗരാജ്യം ശ്രേഷ്ഠമായ മുത്തുകൾ അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശം; വിലിയേറിയ ഒരു മുത്തു കണ്ടെത്തിയിട്ട്, അവൻ പോയി തനിക്കുണ്ടായിരുന്ന സകലവും വിറ്റ് അതിനെ വാങ്ങി." വാക്യം 45-ലെ വ്യാപാരിയും തന്റെ രാജ്യത്തിനായി സഭയെ അന്വേഷിക്കുകയായിരുന്ന ക്രിസ്തു ആണ്. 16:18-ലും 18:17-ലും അത് കണ്ടെത്തിയതിനുശഷം, അവൻ ക്രൂശിലേക്കു പോകുകയും തനിക്കുള്ളതൊക്കെയും വിറ്റ് രാജ്യത്തിനുവേണ്ടി അതു വാങ്ങുകയും ചെയ്തു.

### B. സ്വർഗീയ രാജാവിന്റെ വേല

വളരെ വിലയുള്ള ഒരു മുത്തു നേടുന്നതിലുള്ള സ്വർഗീയ രാജാവിന്റെ വേലയെ വാക്യം 46-ൽ നാം കാണുന്നു. ക്രൂശിൽവച്ച് അവനുണ്ടായിരുന്ന സകലവും അവൻ വിൽക്കുകയും, ആ മുത്ത് വാങ്ങുകയും ചെയ്തു. ഒരു ചെറിയ പാറയാൽ (പാപി) മുറിവേൽക്കുകയും, മുറിവേൽപ്പിച്ച പാറയ്ക്കു ചുറ്റും (വിശ്വാസി) അതിന്റെ ജീവ-രസം സ്രവിപ്പിക്കുകയും ചെയ്യുന്നതിലൂടെ ജീവനുള്ള മുത്തുച്ചിപ്പിയാൽ (ജീവനുള്ള ക്രിസ്തു) മരണജലത്തിൽ (മരണംകൊണ്ടു നിറഞ്ഞ ലോകം) ഉളവാക്കപ്പെടുന്ന മുത്ത് പുതിയ യെരൂശലേമിന്റെ കെട്ടുപണിക്കു വേണ്ടിയുള്ള സാമഗ്രിയാണ്. മുത്ത് സാത്താനാൽ ദുഷിപ്പിക്കപ്പെട്ട ലോകത്തെ സൂചിപ്പിക്കുന്ന സമുദ്രത്തിൽനിന്നു വരുന്നതിനാൽ (യെശ. 57:20; വെളി. 17:15), അത് മുഖ്യമായും ജാതീയ ലോകത്തിൽനിന്നുള്ള വീണ്ടുംജനിച്ച വിശ്വാസികളെക്കൊണ്ട് സംരചിക്കപ്പെട്ടതും, വളരെ വിലയേറിയതുമായ സഭയെയായിരിക്കണം പരാമർശിക്കുന്നത്.

Mon കർത്താവ് രാജ്യത്തെ മാത്രമല്ല അന്വേഷിച്ചുകൊണ്ടിരിക്കുന്നത്; അവൻ മനോഹരമായ സഭ എന്ന മുത്തിനെയും അന്വേഷിക്കുന്നു. വെളിപ്പാട് 21 അനുസരിച്ച് പുതിയ യെരൂശലേം വിലയേറിയ കല്ലുകളും മുത്തുകളുംകൊണ്ട് പണിയപ്പെട്ടിരിക്കുന്നുവെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പുതിയ യെരൂശലേം നിധിയുടെയും മുത്തിന്റെയും ഒരു സംയുക്തമാണ്. മത്തായി 13-ൽ വയലിലെ നിധിയും സമുദ്രത്തിൽനിന്നുള്ള മുത്തും എന്ന നിലയിൽ അവ രണ്ടാണ്. എന്നാൽ വെളിപ്പാട് 21-ൽ അവ ഒരു അസ്തിത്വമായി സംയുക്തമാക്കപ്പെട്ടിരിക്കുന്നു. പുതിയ യെരൂശലേം രാജ്യവും സഭയുമാണ്. മത്തായി 16-ൽ സഭയും രാജ്യവും എന്ന പ്രയോഗങ്ങൾ പരസ്പരം ഇടകലർന്നുവരുന്നവിധം ഉപയോഗിച്ചിരിക്കുന്നു. ഒന്നാമത് കർത്താവു പറഞ്ഞു, "ഞാൻ എന്റെ സഭയെ പണിയും"; അതിനുശേഷം അവൻ പറഞ്ഞു, "സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും." ഈ പദപ്രയോഗങ്ങൾ പരസ്പരം ഇടകലർന്നുവരുന്നവിധം ഉപയോഗിച്ചിരിക്കുന്നു എന്ന വസ്തുത അർഥമാക്കുന്നത് സഭ രാജ്യത്തിനു തുല്യവും, രാജ്യം സഭയ്ക്കു തുല്യവും ആകുന്നു എന്നാണ്. ആത്യന്തികമായി, പുതിയ യെരൂശലേമിൽ രാജ്യവും സഭയും ഒരു അസ്തിത്വമായിത്തീരുന്നു.

ഈ ഘട്ടത്തിൽ താഴെപ്പറയുന്ന ചോദ്യം ചിലർ ചോദിച്ചേക്കാം: രാജ്യം സഭയും, സഭ രാജ്യവുമായതിനാൽ അവ തമ്മിലുള്ള വ്യത്യാസം എന്താണ്? മനസ്സിലാക്കുവാൻ പ്രയാസമുള്ള ഒരു വിഷയത്തിലേക്ക് ഇതു നമ്മെ കൊണ്ടുവരുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം സഭയിലാണോ അതോ രാജ്യത്തിലാണോ എന്നു ചോദിക്കുന്നതിലൂടെ ഞാൻ ഇതിനെ സമീപിക്കട്ടെ. നാം സഭയിലും രാജ്യത്തിലും ആണെന്നു പറയുന്നത് ശരിയാണ്, എന്നാൽ എന്തർഥത്തിൽ നാം സഭയിലാണെന്നും എന്തർഥത്തിൽ നാം രാജ്യത്തിലാണെന്നും നാം അറിയണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എന്തർഥത്തിൽ നാം നിധിയാണെന്നും എന്തർഥത്തിൽ നാം മുത്താണെന്നും നാം അറിയണം. രാജ്യമെന്ന നിലയിൽ നാം ദൈവത്താൽ സൃഷ്ടിക്കപ്പെടുകയും ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെടുകയും ചെയ്ത ഭൂമിയുടേതായ ഒന്നാണ്; സഭയെന്ന നിലയിൽ നാം സാത്താനാൽ ദുഷിപ്പിക്കപ്പെടുകയും ദൈവത്താൽ ശിക്ഷവിധിക്കപ്പെടുകയും ചെയ്ത ലോകത്തിൽ നിന്നുള്ളതായ ഒന്നാണ്. രാജ്യത്തിന്റെ പ്രതീകമായ നിധി ഭൂമിയുടെ ഉള്ളിൽ മറഞ്ഞിരിക്കുന്നു. തന്മൂലം, അത് മൊത്തത്തിൽ ഭൂമിയോടു ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ സഭയുടെ പ്രതീകമായ മുത്തിന് ഭൂമിയുമായി യാതൊരു കാര്യവുമില്ല. ഇത് സമുദ്രത്തിൽ നിന്നുളവാക്കപ്പെടുന്ന ഒന്നാണ്. സാത്താൻ ദുഷിപ്പിച്ചതും ദൈവം ശിക്ഷവിധിച്ചതുമായ സമുദ്രത്തിൽനിന്ന് മിനുസമുള്ള മുത്ത്

എന്നപോലെ ഇങ്ങനെയുള്ള മനോഹരമായ കാര്യം ഉളവാക്കപ്പെട്ടിരിക്കുന്നു. സഭയെന്ന നിലയിൽ നാം ലോകത്തിൽനിന്ന് ഉളവാക്കപ്പെട്ടിരിക്കുന്നുവെങ്കിലും, നമുക്ക് ലോകവുമായി യാതൊരു കാര്യവുമില്ല. നാം സമുദ്രത്തിൽനിന്നുള്ള മുത്താണെങ്കിലും, നാം ഇനിമേൽ സമുദ്രത്തിലല്ല. മനോഹരമായ ഒരു മുത്തായിത്തീരുവാൻ നാം വീണ്ടുംജനിപ്പിക്കപ്പെട്ടിരിക്കുന്നു. മറ്റൊരു വിഭാഗത്തിൽ പ്പെട്ടതിനാൽ, ഈ ചീഞ്ഞ ലോകവുമായി നമുക്ക് യാതൊരു കാര്യവുമില്ല. രാജ്യമെന്ന നിലയിൽ നമുക്ക് സാത്താനാൽ ദുഷിപ്പിക്കപ്പെട്ട ലോകവുമായി യാതൊരു കാര്യവുമില്ലെങ്കിലും, നാം ദൈവം സൃഷ്ടിച്ച ഭൂമിയോടും ക്രിസ്തു വീണ്ടെടുത്ത ഭൂമിയോടും ബന്ധപ്പെട്ടിരിക്കുന്നു. ഒരു വശത്ത്, ലോകത്തോടുള്ള നമ്മുടെ ബന്ധം അവസാനിച്ചു; മറുവശത്ത്, ഭൂമിയിൽ നാം ചിലത് പണിതുകൊണ്ടിരിക്കുന്നു. നാം ബാബേൽഗോപുരം പണിയുകയല്ല; നാം സ്വർഗരാജ്യം പണിതുകൊണ്ടിരിക്കുന്നു. മത്തായി 6:10 പറയുന്നതുപോലെ, "നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ." ദൈവത്തിന്റെ രാജ്യം സമുദ്രത്തിൽ സ്ഥാപിക്കപ്പെടുവാനും, ദൈവത്തിന്റെ ഹിതം സാത്താൻ ദുഷിപ്പിച്ച ലോകത്തിൽ നടപ്പാക്കുവാനും കഴിയുകയില്ല. ദൈവത്തിന്റെ ഹിതം ദൈവം സൃഷ്ടിച്ച ഭൂമിയിൽ നടപ്പാക്കുകയും, ദൈവത്തിന്റെ രാജ്യം ക്രിസ്തു വീണ്ടെടുത്ത ഭൂമിയിൽ സ്ഥാപിക്കപ്പെടുകയും വേണം. ഒരേ സമയം നാം സഭയിലും രാജ്യത്തിലും, മുത്തിലും നിധിയിലും ആണ്.

പുതിയ യെരൂശലേം വരുമ്പോൾ, സമുദ്രം ഉണ്ടായിരിക്കുകയില്ല; ഭൂമി പുതുക്കപ്പെടും (വെളി. 21:1). ആ പുതിയ ഭൂമിയിൽ നിധിയുടെയും മുത്തിന്റെയും, രാജ്യത്തിന്റെയും സഭയുടെയും, ഒരു സംയുക്തം ഉണ്ടായിരിക്കും. പുതിയ യെരൂശലേമിൽ ഇനിമേൽ നിധി വയലിൽ മറഞ്ഞിരിക്കുകയില്ല, മറിച്ച് വയലിന്റെ ഉപരിതലത്തിൽ പണിയപ്പെട്ടിരിക്കും. നിധിയുടെയും മുത്തിന്റെയും ആ സംയുക്തത്തിൽ നിധി മുത്തോടുകൂടെ പണിയപ്പെട്ടിരിക്കും. നിങ്ങൾക്ക് ഈ ദർശനം ഉണ്ടെങ്കിൽ, നമ്മുടെ ഇടയിൽപോലും ഇന്ന് രാജ്യവും സഭയും ഒരുമിച്ച് പണിയപ്പെടുന്നുവെന്ന് നിങ്ങൾ കാണും. നമുക്ക് രണ്ട് അസ്തിത്വങ്ങളില്ല; ഒരു അസ്തിത്വം മാത്രമേയുള്ളൂ. ഒരുവശത്ത്, ഈ അസ്തിത്വം രാജ്യം എന്ന നിധിയാണ്; മറുവശത്ത് അത് സഭ എന്ന മുത്താണ്.

കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നമ്മുടെ ഇടയിൽ സമുദ്രം ഉണ്ടായിരിക്കരുത്. സമുദ്രത്തിനു പകരം നമുക്ക് പുതുക്കപ്പെട്ട ഭൂമി ഉണ്ടായിരിക്കണം. എന്നാൽ നിങ്ങൾ അനഹേമിലെ സഭ സന്ദർശിക്കുകയും, അനേകം വീടുകളിൽ പരദൂഷണം പറയുന്നതല്ലാതെ മറ്റൊന്നും കേൾക്കുന്നില്ലെന്നും സങ്കല്പിക്കുക. ഇത് ആ സഹോദരീ സഹോദരന്മാരുടെ ഇടയിൽ

ഇപ്പോഴും സമുദ്രമുണ്ടെന്നതിന്റെ ഒരു അടയാളമായിരിക്കും. പരദൂഷണംകൊണ്ടു നിറഞ്ഞ ഒരു സഭ അപ്പോഴും ഒരു സഭയാണെങ്കിലും, അത് സമുദ്രജലത്തിലുള്ള ഒരു സഭയാണ്. അങ്ങനെയുള്ള ഒരു സഭയ്ക്ക് രാജ്യമായിരിക്കുവാൻ കഴിയുകയില്ല. അത് മുത്താണ്, എന്നാൽ നിധിയല്ല. എന്നാൽ അനഹേമിലെ സഭയുടെ എല്ലാ വീടുകളിലും പരദൂഷണമോ, വിമർശനമോ, വെറുംവാക്കുകളോ ഇല്ലെന്നും, മറിച്ച് അവിടെ ക്രിസ്തുവിന്റെ അനുഭവവും സഭയുമല്ലാതെ മറ്റൊന്നും ഇല്ലെന്നും സങ്കല്പിക്കുക. അങ്ങനെയാണെങ്കിൽ അവിടെ സമുദ്രം ഉണ്ടായിരിക്കുകയില്ല. പകരം, അവിടെ ജീവനും, വെളിച്ചവും, രൂപാന്തരവും ഉണ്ടായിരിക്കും. ഇങ്ങനെയുള്ള ഒരു സഭ രാജ്യത്തിനായി പുതുക്കപ്പെട്ട ഭൂമിയാണ്. എല്ലാ വീട്ടിലും നിങ്ങൾ ശരിയായ മനുഷ്യത്വം കാണുന്നു, അവിടെ ഇനിമേൽ സമുദ്രം ഇല്ല, മറിച്ച് പുതുക്കപ്പെട്ട ഭൂമി മാത്രമേ ഉള്ളൂ എന്ന് പെട്ടെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. ഈ പുതുക്കപ്പെട്ട ഭൂമിയുടെമേൽ മുത്തും നിധിയുംകൊണ്ടുള്ള പുതിയ യെരൂശലേമുണ്ട്. ഇത് സഭ മാത്രമല്ല, രാജ്യവും ആണ്. ഇങ്ങനെയുള്ള ഒരു സഭയിൽ നിങ്ങൾക്ക് വയലിലുള്ള നിധിയും സമുദ്രത്തിൽനിന്നുള്ള മുത്തും ഉണ്ട്.

സഭ മുത്തും നിധിയുമാണെന്ന് ഈ ഉദാഹരണത്താൽ നാം കാണുന്നു. നാം മുത്തായിരിക്കുമ്പോൾ, നാം സമുദ്രത്തിൽനിന്നു പുറത്ത്, ലോകത്തിനു പുറത്ത്, ആണ്. നാം രാജ്യമായിരിക്കുമ്പോൾ നാം ഭൂമിയിലാണ്. എന്നാൽ കീഴ്പെടുത്തപ്പെട്ട മാർഗത്തിൽ നാം ഭൂമിയിലായിരിക്കുന്നില്ല, മറിച്ച് വാഴുന്ന മാർഗത്തിലാണ് ആയിരിക്കുന്നത്; കാരണം സ്വർഗീയ രാജ്യമായാണ് നാം ഭൂമിയിലായിരിക്കുന്നത്. ഇത് നമുക്ക് വെറും ഉപദേശമായിരിക്കരുത്. ഇത് നമ്മുടെ ദിവസേനയുള്ള യഥാർഥ അനുഷ്ഠാനമായിരിക്കണം. നമ്മുടെ സംഭാഷണം ലൗകിക കാര്യങ്ങളെക്കുറിച്ചോ, പണത്തെയും സിനിമയെയും കുറിച്ചോ ഉള്ള സംസാരത്താൽ നിറഞ്ഞതാണെങ്കിൽ, അത് നാം സാത്താൻ ദുഷിപ്പിച്ച ലോകത്തിന്റെ കാര്യങ്ങളുമായി നിറഞ്ഞിരിക്കുന്നു എന്നതിന്റെ ഒരു അടയാളമാണ്. ഇതാണ് സമുദ്രം. എന്നാൽ നമ്മുടെ ഇടയിൽ പരദൂഷണമോ വിമർശനമോ ഇല്ലാതെ, ക്രിസ്തുവും സഭയും രൂപാന്തരവും ഉണ്ടെങ്കിൽ, ഇത് നാം പുതിയ ഭൂമിയാണെന്നതിന്റെ ഒരു അടയാളമാണ്. അനഹേമിൽ ഇവിടെ നമ്മുടെ ഇടയിൽ നമുക്ക് പുതിയ ഭൂമിയുണ്ട്. ഈ പുതിയ ഭൂമിയിൽ നമുക്ക് നിധിയും, രാജ്യവും, ശരിയായ മനുഷ്യജീവിതവും ഉണ്ട്. ഇന്നും ഈ നിധി മറഞ്ഞിരിക്കുന്നില്ല; അത് ഭൂമിയുടെ ഉപരിതലത്തിലുണ്ട്. ലൗകികരായ മനുഷ്യർക്കും അവിശ്വാസികളായ യെഹൂദന്മാർക്കും ഈ നിധി ഭൂമിയുടെ ഉള്ളിൽ മറഞ്ഞിരിക്കുന്നു. പുതുക്കപ്പെട്ട ഭൂമിയിൽ നമുക്ക് ഇങ്ങനെയുള്ള ഒരു നിധി

ഉള്ളതിനായി കർത്താവിനെ സ്തുതിക്കാം! വെളിയിലുള്ളവരോ അവിശ്വാസികളോ ആയവർക്ക് ഇത് മനസ്സിലാകുന്നില്ല. ചിലപ്പോൾ അവർ പറയുന്നു, "ആ ജനത്തെ ഞങ്ങൾ മനസ്സിലാക്കുന്നില്ല. അവർ എന്തു ചെയ്യുന്നുവെന്ന് ഞങ്ങൾക്കറിയില്ല. എങ്കിലും, അവർ നല്ല ജനമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു." ഇതാണ് നിധി, ദൈവം സൃഷ്ടിച്ചതും ക്രിസ്തു വീണ്ടെടുത്തതുമായ ഭൂമിയിൽ നാം ശരിയായ മനുഷ്യജീവിതം നയിക്കുന്നു എന്നതിന്റെ തെളിവ്. സഹസ്രാബ്ദത്തിന്റെ സമയത്ത് ദൈവത്തിന്റെ ദൃഷ്ടിയിൽ മുഴുവൻ ഭൂമിയും ഒരു നിധിയായിരിക്കും.

മത്തായിയിലെ ആദ്യത്തെ നാല് ഉപമകളിൽ നാം ജീവന്റെ വളർച്ചയെ മാത്രം കാണുന്നു: രൂപാന്തരത്തിന്റെ യാതൊന്നും നാം കാണുന്നില്ല. ഈ ഉപമകളിൽ നമുക്ക് ഗോതമ്പും, ഗോതമ്പുമണിയും, കടുകും, നേരിയ മാവും ഉണ്ട്. തുടർന്നുള്ള രണ്ട് ഉപമകൾക്കായി കർത്താവിനെ സ്തുതിക്കാം! നമുക്ക് ജീവൻ വളരുന്നതിനെ ആസ്പദമാക്കിയുള്ള നാല് ഉപമകൾ മാത്രമല്ല, രൂപാന്തരത്തെ ആസ്പദമാക്കിയുള്ള രണ്ട് ഉപമകളും ഉണ്ട്. രൂപാന്തരം നമ്മെ മുത്തുകളും വിലയേറിയ കല്ലുകളുമാക്കുന്നു: മുത്തുകൾ സഭയ്ക്കുവേണ്ടിയും, വിലയേറിയ കല്ലുകൾ രാജ്യത്തിനുവേണ്ടിയും ആകുന്നു. ഒരുവശത്ത്, നാം ലോകത്തിനു വെളിയിലാണ്, ദുഷിപ്പിക്കപ്പെട്ട ലോകവുമായി നമുക്ക് യാതൊരു കാര്യവുമില്ല. മറുവശത്ത്, ശരിയായ മനുഷ്യത്വത്താൽ നാം ഭൂമിയിൽ ജീവിക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം, ഇനി സമുദ്രമില്ല, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടതുമായ ഉണങ്ങിയ നിലം മാത്രമേയുള്ളൂ. ഇപ്പോൾ നാം ഈ നിലത്തിൽ ജീവിക്കുകയും നടക്കുകയും ചെയ്യുന്നു. ഇത് മുത്തായ സഭ മാത്രമല്ല, നിധിയായ രാജ്യവുമാണ്. ഞാൻ മുത്തിന്റെയും നിധിയുടെയും ഭാഗമായിരിക്കുന്നതിനാൽ കർത്താവിനെ സ്തുതിക്കുന്നു. മുത്തിന്റെ ഭാഗമെന്ന നിലയിൽ ഈ ചീഞ്ഞ ലോകവുമായി എനിക്ക് യാതൊരു കാര്യവുമില്ല. എന്നാൽ നിധിയുടെ ഭാഗമെന്ന നിലയിൽ എനിക്ക് ഈ ഭൂമിയിൽ വളരെ താല്പര്യമുണ്ട്. സ്വർഗത്തിൽ പോകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സമുദ്രമില്ലാത്ത ഈ നല്ല ഭൂമിയിൽ ഇവിടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നാമാണ് മുത്തും, നാമാണ് നിധിയും. നാം ലോകത്തിനു പുറത്താണെങ്കിലും, നാം ഇപ്പോഴും ഭൂമിയിലാണ്. ഇതാണ് ഈ രണ്ട് ഉപമകളുടെയും ശരിയായ വ്യാഖ്യാനം.